ISSUE: 129

KCA weekly E-news bulletin ● Dated 01-06-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

ALL INDIA MALAYALEE ASSOCIATION (AIMA)

KERALA CARTOON ACADEMY

## കാർട്ടൂൺ മത്സരം 2026

**വിഷയം : ട്രാഫിക് നിയമങ്ങൾ പാലിക്കുക**

കേരള കാർട്ടൂൺ അക്കാദമിയും ആൾ ഇന്ത്യ മലയാളി അസോസിയഷനും സംയുക്തമായി, സ്കൂൾ, കോളേജ് തലത്തിലുള്ളവർക്കും യുവ കാർട്ടൂണിസ്റ്റുകൾക്കുമായി ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി സംഘടിപ്പിക്കുന്ന കാർട്ടൂൺ മത്സരം.



ക്യാഷ് അവാർഡുകൾ സർട്ടിഫിക്കറ്റ്, ശിൽപം, പുസ്തകകിറ്റ് തുടങ്ങി

**ഒരു ലക്ഷം രൂപയുടെ സമ്മാനങ്ങൾ**

17 വയസ് വരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും, 18 മുതൽ 25 വയസ് വരെ ഉള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തും.

**രചനകൾ അയക്കേണ്ട വിലാസം :**

**cartooncontest2026@gmail.com**

കൂടുതൽ വിവരങ്ങൾക്ക് : **94465 87968** (കാർട്ടൂണിസ്റ്റ് മധൂസ് )

കാർട്ടൂണുകൾ സമർപ്പിക്കുന്നതിനുള്ള **അവസാന തീയതി : 2026 ജൂൺ 30**

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# ‘അനിമേഷൻ മാസ്റ്റർ ക്ലാസ് വിത്ത് സുരേഷ് ഏറിയാട്ട് ’

**കേരള** കാർട്ടൂൺ അക്കാദമി ഐയ്ക്കണും പ്രശസ്ത അനിമേറ്ററുമായ സുരേഷ് ഏരിയാട്ടുമായി ആധുനിക സാങ്കേതിത വിദ്യകൾ ചർച്ച ചെയ്യാൻ ഒരു ദിവസം ഒരുക്കുന്നു. ‘അനിമേഷൻ മാസ്റ്റർ ക്ലാസ് വിത്ത് സുരേഷ് ഏറിയാട്ട് ’



എന്ന ഈ ഏകദിന പരിപാടി തിരുവനന്തപുരം ടെക്നോ പാർക്കിലെ ടൂൺസ് അനിമേഷനുമായി ചേർന്നാണ് സംഘടിപ്പിക്കുന്നത്. ജൂൺ പതിമൂന്നാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ നാലു വരെ തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിലാണ് പരിപാടി. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അനിമേഷൻ രംഗത്തും കാർട്ടൂൺ രംഗത്തും പ്രവർത്തിക്കുന്നവർക്ക് ഏറെ ഉപകാരപ്രദമാകുന്ന സംവാദ പരിപാടിയാണ് ഒരുക്കുന്നത്. കേരള കാർട്ടൂൺ അക്കാദമി അംഗങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. പക്ഷെ രജിസ്ട്രേഷൻ നിർബന്ധമാണ്. അക്കാദമി അംഗങ്ങൾ അല്ലാത്തവർക്കും പ്രവേശനം അനുവദിക്കും. അവർ 200 രൂപ നൽകി വേണം രജിസ്റ്റർ ചെയ്യുവാൻ. അക്കാദമി അംഗങ്ങൾ ഇവിടെ കൊടുക്കുന്ന ഗൂഗിൾ ഫോമിൽ പേരുകൾ രജിസ്റ്റർ ചെയ്യുവാൻ താല്പര്യപ്പെടുന്നു. ജൂൺ 12ന് രജിസ്ട്രേഷൻ സമാപിക്കും. ●

https://forms.gle/tm9e62N5Q9Wydqff7

**രതീഷ് രവി** (ഫോൺ: 9895109702)
(കൺവീനർ, ‘അനിമേഷൻ മാസ്റ്റർ ക്ലാസ് വിത്ത് സുരേഷ് ഏറിയാട്ട് ’)
കേരള കാർട്ടൂൺ അക്കാദമി

# കേരള ലളിതകലാ അക്കാദമി അറിയിപ്പ്

**കേരള** ലളിതകലാ അക്കാദമിയുടെ ജൂറി കമ്മിറ്റി 202425 ലെ സംസ്ഥാന കലാപ്രദർശനത്തിലേക്ക് (അമ്പത്തിമൂന്നാമത് സംസ്ഥാന പ്രദർശനം) തെരഞ്ഞെടുത്ത കലാസൃഷ്ടികൾ സമർപ്പിക്കേണ്ട തീയതി 2026 ജൂൺ 10 വരെ നീട്ടിയിരിക്കുന്നു. ●

# രാജഗിരിയുമായി അക്കാദമി ധാരണാപത്രം ജൂൺ 15ന് ഒപ്പുവെയ്ക്കും

**കാർട്ടൂൺ** ക്ലാസുകൾ നടത്തുന്നതിന് കേരള കാർട്ടൂൺ അക്കാദമിയുടെ സഹകരണം, കൊച്ചിയിലെ രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസ് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ക്രിപ്റ്റ് / കാർട്ടൂൺ / അനിമേഷൻ എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ എടുക്കേണ്ടത്. മലയാളവും ഇംഗ്ലീഷും ചേർന്ന മീഡിയത്തിലാണ് ക്ലാസുകൾ എടുക്കേണ്ടത്. മേൽപ്പറഞ്ഞ വിഷയങ്ങളിൽ ക്ളാസുകൾ നടത്തി മുൻപരിചയമുള്ള 10 പേരുടെ ഒരു പാനൽ അവർക്ക് കൊടുക്കേണ്ടതുണ്ട്. പാനൽ തയ്യാറാക്കാൻ, അക്കാദമി വൈസ് ചെയർമാൻ അനൂപ് രാധാകൃഷ്ണന്റെ നേതൃത്വത്തിൽ, ട്രഷറർ സജീവ് ബാലകൃഷ്ണൻ, എക്സിക്യൂട്ടീവ് അംഗം രതീഷ് രവി എന്നിവർ അടങ്ങിയ മൂന്നംഗ കമ്മിറ്റി കേരള കാർട്ടൂൺ അക്കാദമി നിർവാഹക സമിതി രൂപീകരിച്ചിട്ടുണ്ട്. താൽപര്യമുള്ളവർ, ബയോഡാറ്റ സഹിതം പാനൽ സെലക്ഷൻ കമ്മറ്റി ചെയർമാനായ അനൂപ് രാധാകൃഷ്ണനെ 2026 ജൂൺ 10നു മുൻപ് ബന്ധപ്പെടുക. ഫോൺ: 9995351564. ഇതിന്റെ ധാരണാപത്രം ജൂൺ 15 ന് കൊച്ചിയിലെ രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസുമായി കേരള കാർട്ടൂൺ അക്കാദമി ഒപ്പിടാൻ നിർവാഹക സമിതി തീരുമാനിച്ചിട്ടുണ്ട്. കാർട്ടൂൺ അക്കാദമി ജൂൺ 15ന് കൊടുക്കുന്ന പാനലിൽ നിന്നാകും രാജഗിരി കോളേജ് ക്ലാസെടുക്കാൻ ക്ഷണിക്കുക. ക്ലാസെടുക്കുന്ന കാർട്ടൂണിസ്റ്റിന് പ്രതിഫലം രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസ് നേരിട്ട് കൊടുക്കും. ●

# ടൂൺ ക്രാഫ്റ്റ് 4 രജിസ്ട്രേഷൻ ആരംഭിച്ചു; ജൂൺ 5ന് സമാപിക്കും

**കേരള** കാർട്ടൂൺ അക്കാദമി രാജ്യതലസ്ഥാനമായ ഡൽഹിയിലേക്ക് ഒരു പഠനയാത്രയായി ടൂൺ ക്രാഫ്റ്റ് സീസൺ 4 നടത്തുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. അതിന് മുൻപായി ടൂൺ ക്രാഫ്റ്റ് സീസൺ 3 കേരളത്തിൽ കണ്ണൂരിൽ നടത്തുന്നതാണ്. ടൂൺ ക്രാഫ്റ്റ് സീസൺ ത്രീ യുടെ തീയതിയും മറ്റു വിവരങ്ങളും പിന്നീട് അറിയിക്കുന്നതാണ്. അക്കാദമി നിർവാഹ സമിതി അംഗം സുരേന്ദ്രൻ വാരചാലിനാണ് ചുമതല.

2026 നവംബർ മാസം 14, 15, 16 തീയതികളിലാണ് ടൂൺ ക്രാഫ്റ്റ് സീസൺ 4 നടക്കുക. നവംബർ 13ന് പാർലമെന്റും രാഷ്ട്രപതി ഭവനും, കാർട്ടൂണിസ്റ്റ് ശങ്കർ ഡോൾസ് മ്യൂസിയവും സന്ദർശിക്കും. ഇതിന്റെ ചിലവ് കേരള കാർട്ടൂൺ അക്കാദമി വഹിക്കും. കുട്ടികളുടെ ദിനമായ നവംബർ 14 ന് ഡൽഹിയിലെ നാലു കേരള സ്കൂളുകളിൽ കേരള കാർട്ടൂൺ അക്കാദമി കാർട്ടൂൺ കളരി നടത്തും. വൈകുന്നേരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക പ്രഭാഷണം കേരള ഹൗസിൽ സംഘടിപ്പിക്കും. നവംബർ 15ന് ഡൽഹിയിലെ പ്രധാന സ്മാരകങ്ങൾ സന്ദർശി

ക്കും, നവംബർ 16ന് ദേശീയതലത്തിൽ പ്രവർത്തിക്കുന്ന പ്രമുഖ കാർട്ടൂണിസ്റ്റുകളും മാധ്യമ പ്രവർത്തകരും തമ്മിലുള്ള സംവാദ പരിപാടി നടക്കും. (പരിപാടിയിൽ മാറ്റങ്ങൾ ഉണ്ടാകും)

നവംബർ 17ന് കാർട്ടൂൺ അക്കാദമി അംഗങ്ങൾക്ക് സ്വന്തം നിലയിൽ താജ്മഹലിലോ / ഇന്റർനാഷണൽ ട്രേഡ് ഫെയർ / നാഷണൽ ആർട് ഗാലറി തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാവുന്നതാണ്. 14, 15,16 തിയതികളിൽ മാത്രമാണ് രജിസ്റ്റർ ചെയ്തവർ കർശനമായും ഡൽഹിയിൽ നിൽക്കേണ്ടത്. 13 ന് എത്തുന്നതിനും 17 ന് മടങ്ങി പോകുന്നതിന് തടസങ്ങളില്ല. പരിപാടിയുടെ ചുമതല അക്കാദമി നിർവാഹകസമിതി അംഗം ഹരീഷ് മോഹന് നൽകിയിരിക്കുകയാണ്.

2026 ജൂൺ ഒന്നാം തീയതി മുതൽ ആയിരം രൂപ കേരള കാർട്ടൂൺ അക്കാദമിയിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമായിരിക്കും പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക. ജൂൺ 5 ന് രജിസ്ട്രേഷൻ സമാപിക്കും.

ഒരംഗത്തിന് അവരുടെ ഒരു കുടുംബാംഗത്തെ കൂടി യാത്രയിൽ കൂടെ ചേർക്കാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന പത്ത് കുടുംബാംഗത്തെ മാത്രമാണ് പങ്കെടുപ്പിക്കുക. ഇവർക്കും ആയിരം രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ട്. അവർക്കും അംഗങ്ങൾക്ക് നൽകുന്ന പ്രാദേശിക യാത്രാ സൗകര്യങ്ങൾ, ഭക്ഷണം എന്നിവ സൗജന്യമായി തന്നെ ലഭിക്കും. പക്ഷെ, കൂടെ വരുന്ന അംഗത്തിന്റെ താമസ ചിലവുകൾ മുൻകൂട്ടി കേരള കാർട്ടൂൺ അക്കാദമിയിൽ അടയ്ക്കേണ്ടതാണ്. (ഇത് പിന്നീട് ആവശ്യമുള്ളവരെ അറിയിക്കും) ആയിരം രൂപ അക്കാദമിയിൽ അടച്ചതിന്റെ സ്ക്രീൻഷോട്ട് പരിപാടിയുടെ കോഡിനേറ്റർ ആയ ഹരീഷ് മോഹന്റെ മൊബൈൽ നമ്പറിൽ (7639039545) അയച്ചുകൊടുക്കുകയും നേരിട്ട് വിളിച്ച് പേര് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഒരംഗം യാത്ര റദ്ദാക്കിയാൽ രജിസ്റ്ററേഷന് നൽകുന്ന തുക മടക്കി നൽകുന്നതല്ല. രജിസ്ട്രേഷൻ ജൂൺ 05 ന് സമാപിക്കും

കേരളത്തിൽ നിന്ന് ഡൽഹിയിൽ നവംബർ 12-ാം തീയതി സ്വന്തം നിലയിൽ രജിസ്റ്റർ ചെയ്ത അംഗങ്ങൾ എത്തിച്ചേരേണ്ടതാണ്. രാജധാനി, കേരള, മംഗള, നിസാമുദ്ദീൻ തുടങ്ങിയ തീവണ്ടികളിലും വിമാനം വഴിയിലും ഡൽഹിയിൽ എത്തി ചേരാം. നവംബർ 12 മുതൽ 17-ാം തീയതി വരെയുള്ള താമസവും ഭക്ഷണവും കേരള കാർട്ടൂൺ അക്കാദമി തന്നെ ഒരുക്കുന്നതാണ്. നവംബർ 13 മുതൽ 16-ാം തിയതി വരെയുള്ള എല്ലാ പ്രാദേശിക യാത്രയും അക്കാദമി ഏറ്റെടുക്കും. ●

## നിരത്തിൽ ചോര വീഴാതിരിക്കാൻ കാർട്ടൂൺ ബോധവൽക്കരണം, കുട്ടികൾക്കായി മത്സരം

**റോഡപകടങ്ങൾ** ഇല്ലാത്ത അധ്യയന വർഷത്തിനായി വരയിലൂടെ ബോധവൽക്കരണം സംഘടിപ്പിക്കാൻ കേരള കാർട്ടൂൺ അക്കാദമി. എല്ലാ അധ്യായന വർഷങ്ങളിലും നിരവധി അപകടങ്ങളിൽ ജീവനുകൾ പൊലിയുന്നുണ്ട്. ഇതിനെതിരെ പ്രതിരോധം തീർക്കാനാണ് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നത്.

കേരള കാർട്ടൂൺ അക്കാദമി ആൾ ഇന്ത്യ മലയാളി അസോസിയേഷനുമായി (എയ്മ) ചേർന്നാണ് സ്കൂൾ, കോളേജ് തലത്തിലുള്ളവർക്കും യുവ കാർട്ടൂണിസ്റ്റുകൾക്കുമായി ട്രാഫിക്ക് ബോധവത്ക്കരണ കാർട്ടൂൺ മത്സരം നടത്തുന്നത്. അപകടമില്ലാത്ത പുതിയ അദ്ധ്യായന വർഷം ലക്ഷ്യമിട്ടാണ് മത്സരത്തിന് വിഷയം നൽകിയത്. 2026 ജൂൺ 30 വരെ രചനകൾ

അയക്കാം. ഇരു വിഭാഗങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് 10,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, രണ്ടാം സ്ഥാനം നേടുന്നവർക്ക് 7,500 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, മൂന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, പത്ത് പേർക്ക് പ്രോത്സാഹന സമ്മാനമായി പ്രശസ്തി പത്രവും, സമ്മാന പുസ്തകവും നൽകും.2026 ജൂലൈ 5ന് മത്സര ഫലം പ്രഖ്യാപിക്കും.


**ഒരാൾക്ക് മൂന്ന് രചനകൾ വരെ അയക്കാം.**

ഇമെയിൽ വഴിയാണ്  അയക്കേണ്ടത്. 17 വയസ് വരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും, 18 വയസ് മുതൽ 25 വയസ് വരെ ഉള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തും. രചനകൾ അയക്കുന്ന ഇമെയിലിനൊപ്പം രചയിതാവിന്റെ പേര്, വയസ്, വിലാസം, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ, വയസ് തെളിയിക്കുന്ന രേഖ എന്നിവ ചേർത്തിരിക്കണം. ●

രചനകൾ അയക്കേണ്ട വിലാസം: **cartooncontest2026@gmail.com**

മധുസ്, കോഡിനേറ്റർ, കാർട്ടൂൺ മത്സരം 2026, 9446587968

## പുസ്തക പരിചയം




# വരച്ച വരയിൽ

പ്രദീപ് ഗായത്രി

**കേരള** കാർട്ടൂൺ അക്കാദമി അംഗം പ്രദീപ് ഗായത്രിയുടെ കാർട്ടൂൺ സമാഹാരമാണ് വരച്ച വരയിൽ എന്ന പേരിൽ പായൽ ബുക്സ് പുസ്തകരൂപത്തിൽ പുറത്തിറക്കിയിരിക്കുന്നത്. കുട്ടിക്കാലത്ത് വായിച്ചിരുന്ന ചിത്രകഥകളിലെ രേഖാചിത്രങ്ങൾ മറ്റൊരു പുസ്തകത്തിലേക്ക് നോക്കി വരച്ചുകൊണ്ടായിരുന്നു താൻ വരയുടെ ലോകതെത്തിയതെന്ന് ആമുഖത്തിൽ പ്രദീപ് ഗായത്രി പറയുന്നുണ്ട്. കാർട്ടൂൺ രംഗത്തേക്ക് വരുന്നതിനു മുമ്പ് മികച്ച ഒരു ആർട്ടിസ്റ്റായി പ്രദീപ് ഗായത്രി പേരെടുത്തിരുന്നു. ഗായത്രി ആർട്സ് എന്ന സ്ഥാപനവും അദ്ദേഹം കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ നടത്തുന്നുണ്ട്.

കാർട്ടൂൺ രംഗത്തേക്ക് വന്നതിനെക്കുറിച്ചും, അവിടെ തന്റെ വളർച്ചയെക്കുറിച്ചും പ്രദീപ് ഈ പുസ്തകത്തിൽ തുടക്കത്തിലെ വിവരിക്കുന്നുണ്ട്. താനൊരു വലിയ കാർട്ടൂണിസ്റ്റായി മാറി എന്നുള്ള അവകാശവാദം അദ്ദേഹം ഇവിടെ ഉന്നയിക്കുന്നില്ല. സാമൂഹിക കാർട്ടൂണുകളിലൂടെ ശ്രദ്ധേയനായി മാറിയ പ്രദീപ് ഗായത്രിയുടെ തിരഞ്ഞെടുത്ത കാർട്ടൂണുകളാണ് ഈ പുസ്തകത്തിലുള്ളത്. സാമൂഹ്യ വിഷയങ്ങളാണ് കൂടുതലായി അദ്ദേഹം വരച്ചിട്ടുള്ളതെങ്കിലും അതിലെല്ലാം നമുക്ക് രാഷ്ട്രീയം കാണാൻ സാധിക്കും. രാഷ്ട്രീയം ഒഴിവാക്കിയുള്ള കാർട്ടൂൺ രചന അസാധ്യമാണെന്ന് പറയുന്ന അദ്ദേഹം സാമൂഹിക കാർട്ടൂൺ രംഗത്താണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത് തന്റെ സാമൂഹ്യ കാർട്ടൂണുകളിലൂടെ തന്റെ രാഷ്ട്രീയം പറയുവാൻ അദ്ദേഹം അതുകൊണ്ടുതന്നെ ശ്രമിക്കുന്നുമുണ്ട്. പ്രദീപ് ഗായത്രിയുടെ കാർട്ടൂണുകളുടെ സമാഹാരം തീർച്ചയായും വായനക്കാരന് വേറിട്ട അനുഭവം ഉണ്ടാക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ●